FIN.B2-6553/20

(1)

06553

MB 137/10.6.20

# വകുപ്പുതല പരിശോധനാ റിപ്പോർട്ട്

## പട്ടികജാതി വികസന ഓഫീസ്, തളിപ്പറമ്പ് ബ്ലോക്ക്, കണ്ണൂർ

പരിശോധനാ തീയതി : 20.1.2020 മുതൽ 25.1.2020 വരെ

പരിശോധനാ കാലയളവ് : 1.10.15 മുതൽ 31.3.19 വരെ (4 Years)

പരിശോധനാ വിഭാഗം : ഫിൻ. സി. സെക്ഷൻ
സൂപ്രണ്ട്: കുഞ്ഞികൃഷ്ണൻ വി.കെ
ക്ലാർക്ക്: ബി.കെ. ഗോപകുമാർ

പരിശോധനാ കാലയളവിൽ ഓഫീസ് ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ } പട്ടികജാതി വികസന ഓഫീസർമാർ

| പേര് | PEN | കാലയളവ് |
|---|---|---|
| 1. ശ്രീമതി. ഇ.ടി. സാവിത്രി | 227143 | 1.10.15 മുതൽ 10.7.17 വരെ |
| 2. ശ്രീ. ഒ.പി. രാധാകൃഷ്ണൻ | 227045 | 11.7.17 മുതൽ 31.7.18 വരെ |
| 3. ശ്രീമതി. ഇ.ടി. സാവിത്രി (അധി. ചാർജ്) | 227143 | 1.8.18 മുതൽ 30.9.18 വരെ |
| 4. ശ്രീ. ഒ.പി. രാധാകൃഷ്ണൻ | 227045 | 1.10.18 മുതൽ 30.6.19 വരെ |
| 5. ശ്രീ. വിജേഷ്. ഇ (അധി. ചാർജ്) | 655785 | 1.7.19 മുതൽ 14.10.19 വരെ |
| 6. ശ്രീ. ഒ.പി. രാധാകൃഷ്ണൻ (അധി. ചാർജ്) | 227045 | 15.10.19 മുതൽ 28.10.19 വരെ |
| 7. ശ്രീ. ഉണ്ണികൃഷ്ണപിള്ള | 226301 | 29.10.19 മുതൽ തുടരുന്നു |

## ഭാഗം ഒന്ന്

### ആമുഖം

തളിപ്പറമ്പ് ബ്ലോക്കിൻ്റെ ആകെ വിസ്തീർണ്ണം 530.95 ച.കി.മീ ആണ്. ഉദയഗിരി, ആലക്കോട്, ചപ്പാരപ്പടവ്, നടുവിൽ, ചെങ്ങളായി, കുറുമാത്തൂർ, പട്ടുവം, പരിയാരം, കടന്നപ്പള്ളി പാണപ്പുഴ, ഏരുവേശി ഗ്രാമപഞ്ചായത്തുകൾ ഇതിൽ ഉൾപ്പെടുന്നു.

പടിഞ്ഞാറ് – പയ്യന്നൂർ ബ്ലോക്കും, കിഴക്ക് - ഇരിക്കൂർ ബ്ലോക്കും, തെക്ക് - കല്യാശ്ശേരി ബ്ലോക്കും, വടക്ക് - കർണാടക സംസ്ഥാനവും അതിരുകൾ പങ്കിടുന്നു.

തളിപ്പറമ്പ് ബ്ലോക്കിലെ ആകെ ജനസംഖ്യ 23.4308 – ൽ പട്ടികജാതി ജനസംഖ്യ 8951-ൽ ആണ്. പട്ടികജാതി ജനസംഖ്യയിൽ 4410 പേർ പുരുഷന്മാരും 4541 പേർ സ്ത്രീകളുമാണ്. ഈ പട്ടികജാതി സങ്കേതങ്ങളിലായി 1150 കുടുംബങ്ങളും ഒറ്റപ്പെട്ട് കഴിയുന്ന 1112 കുടുംബങ്ങൾ ഉൾപ്പെടെ ആകെ 2261 കുടുംബങ്ങൾ ബ്ലോക്ക് പരിധിയിലുണ്ട്.

പൊതുസമൂഹത്തിൽ ഒറ്റപ്പെട്ടും പിന്നോക്കാവസ്ഥ അനുഭവിച്ചും ജാതീയമായ അവഗണന സഹിച്ചും ജീവിച്ചുപോന്ന ഒരു വിഭാഗം ജനങ്ങളുടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികളും നിയമങ്ങളും വിവിധ സർക്കാരുകൾ നടപ്പിലാക്കിയിട്ടുണ്ട്. അവ മുഴുവൻ ഫലപ്രാപ്തിയിലെത്തിയിട്ടില്ലെങ്കിലും ജാതീയമായ അവഗണനയും പിന്നോക്കാവസ്ഥയും ഒരു പരിധിവരെ ഇല്ലാതായിട്ടുണ്ട് എന്ന് നിരീക്ഷണങ്ങളും സാമൂഹിക പഠന റിപ്പോർട്ടുകളും വ്യക്തമാക്കുന്നുണ്ട്.

തളിപ്പറമ്പ് ബ്ലോക്ക് പരിധിയിൽ താമസിച്ചുവരുന്ന പട്ടികജാതിക്കാരുടെ അവസ്ഥയിൽ പ്രത്യക്ഷത്തിൽ തന്നെ വളരെയധികം പുരോഗതി ദൃശ്യമാണ്. മെച്ചപ്പെട്ട കോൺക്രീറ്റ് വീടുകൾ, കുടിവെള്ള പദ്ധതികൾ, കോളനികളിലേക്ക് എത്തിച്ചേരാനുള്ള ടാറിട്ട റോഡുകൾ, കുടുംബങ്ങൾ, സർക്കാർ ജോലികൾ നേടിയവരുടെ വർധന, ഇവയൊക്കെ പ്രത്യക്ഷ നേട്ടങ്ങൾ തന്നെയാണ്. എങ്കിൽപോലും ഒരു ചെറിയ വിഭാഗം ഇപ്പോഴും പിന്നോക്കാവസ്ഥയിൽ ഉഴലുന്നുണ്ട്. അവരുടെ അവസ്ഥ പഠിച്ച് പരിഹരിക്കാനുള്ള സാധ്യതകൾ

കമ്മറ്റി പൊതുസമൂഹത്തിനോടൊപ്പം നിർത്തുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

(A) എ.ജി.യുടെ പരിശോധനാറിപ്പോർട്ട് സംബന്ധിച്ച്

1.12.17 മുതൽ 28.11.19 വരെയുള്ള കാലയളവിലെ കണക്കുകൾ എ.ജി. പരിശോധന വിധേയമാക്കിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് എ.ജിയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഉടൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എ.ജി.യുടെ മുൻപരിശോധനാറിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പരിശോധനാറിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1 | OA(HQ) IV/II/12/230/14-15/512 | part II B - para II |
| 2 | OA (HQ) IV/II/12/285/15-16/543 | part II B - para II, III |
| 3 | OA(HQ) IV/II/12/258/16-17/161 | part II B para 2, II, III |

തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടി ഉടനെ അയച്ചു കൊടുക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(B) മുൻകാല പരിശോധനാറിപ്പോർട്ട് സംബന്ധിച്ച്

ഈ ആഫീസിലെ 1.9.14 മുതൽ 30.9.15 വരെയുള്ള കാലയളവിലെ കണക്കുകളുടെ പരിശോധനാറിപ്പോർട്ട് ഡയറക്ടറേറ്റിലെ ഫിൻ. ബി2/30551/15 തീയതി. 3.5.17 പ്രകാരം ലഭ്യമാക്കിയിരുന്നു. ആയതിന് 5.5.17 ലെ 255/17-ാം നമ്പർ കത്തുപ്രകാരം മറുപടി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആമുഖം - എ.ജി യുടെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക III(2) ഭവനനിർമ്മാണം, III (3) മിശ്രവിവാഹധനസഹായം, III (7) വീട് അറ്റകുറ്റപ്പണി, III (8) ടോയ്‌ലറ്റ് ധനസഹായവിതരണം, III (11) ബാലൻ കോളനിക്ക് ആനുകൂല്യം എന്നിവ ഒഴികെയുള്ള ഖണ്ഡി-

ൾ അംഗീകരിച്ചതായി കാണുന്നു. നിർവ്വഹണ~~...~~ ശേഷിക്കുന്ന പണികൾ കൂടി അടിയന്തരമായി നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തളിപ്പറമ്പ് ബ്ലോക്ക് പട്ടികജാതി വികസന ആഫീസിലെ 1.10.2015 മുതൽ 31.3.2019 വരെയുള്ള കണക്കുകളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും പരിശോധനാറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## ഭാഗം രണ്ട്

### ക്യാഷ്ബുക്കും അനുബന്ധരേഖകളും

1. ബിൽബുക്കും ക്യാഷ്ബുക്കും

(a) ബിൽ നം. EB/11/16-17 പ്രകാരം 2/6/16-ന് മാറിയ തുക 37,283/- ആണെന്നിരിക്കെ, ക്യാഷ് ബുക്കിൽ 37282/- രൂപയാണ് വരവ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b) ചുവടെ ചേർക്കുന്ന ബില്ലുകൾ ക്യാഷ്ബുക്കിൽ വരവ് ചെലവ് ചേർത്തുകാണുന്നില്ല. വിശദീകരണം നൽകേണ്ടതും ക്യാഷ്ബുക്കിൽ 'റെഡ് എൻട്രി' വരുത്തി ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

| ബിൽ നമ്പർ | ബിൽ തുക | തുക ക്യാഷ് ചെയ്ത തിയതി |
|---|---|---|
| CB/73/16-17 | Rs-50,000/- | 13/1/2013 |
| EB/34/18-19 | Rs-60,000/- | 21/8/2018 |
| CB/141/18-19 | Rs-~~...~~ 13,747/- | 14/2/2019 |

(c) ചുവടെ ചേർക്കുന്ന ബില്ലുകളുടെ യഥാർത്ഥ തുകയും ട്രഷറി ഓഫീസർ ബിൽബുക്ക് പ്രകാരം പാസ്സാക്കിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നു. ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

| ബിൽ നമ്പർ | ബിൽതുക | പാസ്സാക്കിയ തുക | തുക പാസ്സാക്കിയ തിയതി |
|---|---|---|---|
| CB/75/16-17 | Rs-12,00,000/- | Rs-1,20,000/- | 13/1/2013 |
| CB/27/17-18 | Rs-1,005,000/- | Rs-100500/- | 28/7/2017 |
| CB/11A/18-19 | Rs-3,45,000/- | Rs-34500/- | 19/12/2018 |

(d) ബിൽ നം. CB/17/2017-18 പ്രകാരമുള്ള 15,00,000/- രൂപയുടെ ബിൽ ~~[illegible]~~ 27/6/17-ന് ട്രഷറിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ ട്രഷറി ഓഫീസർ ബില്ലുകളുടെ രജിസ്റ്ററിൽ തുക രേഖപ്പെടുത്തിയിട്ടില്ല. 28/6/17-ന് ട്രഷറിയിൽ ആ തുക വരവ് ചെലവ് എഴുതിയിട്ടുണ്ട്. ട്രഷറിയുമായി ബന്ധപ്പെട്ട് തുക പരിശോധിക്കേണ്ടതാണ്.

(e) KTC Vol.I, Rule 92(a)(ii) പ്രകാരം ട്രഷറിയിലെ ദിനം വരവ് ചെലവ് രേഖപ്പെടുത്തലും ബാങ്കിന്റെ അക്കൗണ്ട് സ്റ്റേറ്റ്മെന്റും ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 9/6/17 മുതൽ 29/9/18 വരെയും 18/9/18 മുതൽ 29/3/19 വരെയും ഉള്ള കാലയളവിൽ ട്രഷറിയിലെ വരവ് ചെലവ് രേഖപ്പെടുത്തലുകൾ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(f) പരിശോധന തീയതിയായ 20/1/20-ന് ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് തുക ഇല്ല.

2. STSB അക്കൗണ്ടുകൾ

ഈ ഓഫീസുമായി ബന്ധപ്പെട്ട് 2 STSB അക്കൗണ്ടുകൾ നിലവിലുണ്ട്.

(1) STSB അക്കൗണ്ട് നം. 719031400000007 :- അക്കൗണ്ട് തുടങ്ങുന്ന സമയത്ത് നിക്ഷേപിച്ച 100/- രൂപ ആ അക്കൗണ്ടിൽ ബാലൻസ് ഉള്ളതായി കാണുന്നു.

(2) STSB അക്കൗണ്ട് നം. 719031400000193 :- നിലവിൽ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പ് തുക ഇല്ല.

3. ചെക്ക് ബുക്ക് രജിസ്റ്റർ :- പരിശോധനാ കാലയളവിൽ ചെക്ക് ബുക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. പ്രത്യേക പരാമർശമില്ല.

4. T.R-5 രസീത് ബുക്കും അതിന്റെ സ്റ്റോക്ക് രജിസ്റ്ററും :-

TR-5 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ലഭ്യമായതിൽ I മുതൽ VI വരെയുള്ള രസീത് ബുക്കുകൾ ഈ ഓഫീസിൽ ഉപയോഗിച്ചിട്ടുണ്ട്. VI-ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 9 വരെയുള്ള രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്. ആ ബുക്കിലെ ഉപയോഗിക്കാത്ത രസീതുകളുടെ (10 മുതൽ 100 വരെയുള്ള രസീതുകളുടെ) ഒറിജിനലും ഡ്യൂപ്ലിക്കേറ്റും റദ്ദുചെയ്ത്

സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2009-ന് ശേഷം ഈ ഓഫീസിൽ T.R-5 രസീതുകൾ ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാത്ത രസീതുകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നശിപ്പിച്ച വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ഇടു രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി വയ്ക്കേണ്ടതാണ്.

5. സി. ആർ. ഡി. ആർ :-

ഗവ. പ്രീമെട്രിക് ഹോസ്റ്റൽ ഫോർ ഗേൾസ് (തളിപ്പറമ്പ്)-ലെ ജീവനക്കാരിൽ നിന്നും ഈടാക്കുന്ന മെസ്സ് ചാർജ്ജ് നിക്ഷേപിച്ച് വാർഡൻ കൈകാര്യം ചെയ്യുന്നതിനായിട്ടാണ് ഈ രജിസ്റ്റർ ഉപയോഗിക്കുന്നത്. പരിശോധനാ കാലയളവിലും CRDR ഏതൊക്കെ ഈടാക്കി വാർഡൻ നൽകുന്ന മെസ്സ് ചാർജ്ജ് നിക്ഷേപിച്ച് ബാങ്ക് ~~[illegible]~~ അക്കൗണ്ട്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. ~~[illegible]~~ ജൂലൈ 16 മുതൽ ഡിസംബർ 17 വരെയും ഉപയോഗിക്കാതെ മെസ്സ് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്. ഈ കാലയളവിന് ശേഷം CRDR പരിപാലിച്ചു കാണുന്നില്ല. നിലവിൽ എങ്ങിനെയാണ് ജീവനക്കാരിൽ നിന്നും മെസ്സ് ചാർജ്ജ് പിരിവ് നടത്തുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

6. ചെല്ലാൻ ഫയൽ

31/3/2018 വരെയുള്ള കാലയളവിൽ ചെല്ലാനുകൾ ഒരു ഫോൾഡറിൽ ഒട്ടിച്ച് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ചില ചെല്ലാൻ രസീതുകൾ പദ്ധതി നടത്തിപ്പ് വിവരങ്ങളുടെ രജിസ്റ്ററുകളിലും എസ്. സി. പ്രൊമോട്ടർമാരുടെ അക്വിറ്റൻസിലും ഒട്ടിച്ചിരിക്കുന്നതായി കാണുന്നു. ചെല്ലാൻ രസീതുകൾ ~~[illegible]~~ എല്ലാം ചെല്ലാൻ ഫയലിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

7. അക്വിറ്റൻസ് (ബുക്ക്):

(a) പരിശോധനാ കാലയളവിൽ ഓവർടൈം സ്റ്റൈപ്പന്റ് പാർട്ട്ടൈം സ്റ്റൈപ്പന്റ് ഒരു അക്വിറ്റൻസ് രജിസ്റ്ററാണ്

പരിപാലിച്ചിരുന്നത്. വെവ്വേറെ രജിസ്റ്റർ പരിപാലിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

~~(b) രജിസ്റ്റർ വാല്യം 11-ലെ പേജ് 30-ൽ ബിൽ നമ്പർ CB/44/16-17 പ്രകാരം മാറിയ 13545/- രൂപ (Net amount) രേഖപ്പെടുത്തിയിരിക്കുന്നു.~~

(b) രജിസ്റ്റർ വാല്യം 11-ലെ പേജ് 92-ൽ ബിൽ നം. CB/21/17-18 പ്രകാരം മാറിയ 38,349/- രൂപയുടെ വിവരണം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ട്രഷറിയിൽ 38,134/- രൂപയുടെ ചെലവ് എഴുതിയിരിക്കുന്നു (5/8/17-ൽ). വിശദീകരണം നൽകേണ്ടതാണ്.

(c) രജിസ്റ്ററിലെ (വാല്യം 13) പേജ് 11-ൽ ബിൽ നം. EB/34/18-19 പ്രകാരം 21/8/2018-ൽ മാറിയ 60,000/- രൂപ ട്രഷറിയിൽ രേഖപ്പെടുത്തിയിട്ടില്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

8. രജിസ്റ്റർ (എസ്.സി. സ്കോളർഷിപ്പ്സ് & ലംപ്സം ഗ്രാന്റ്സ്):-

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിലെ 32, 33, 41, 42, 43, 51, 54, 58, 72, 77, 83, 84, എന്നീ പേജുകളിലെ രേഖപ്പെടുത്തലുകൾ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

9. രജിസ്റ്റർ (ദിവസവേതനം):-

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. മറ്റു പരാമർശമില്ല.

10. പദ്ധതി ഗുണഭോക്തൃ വിതരണ രജിസ്റ്റർ :-

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. 2016-17 വർഷം മുതൽ ~~*~~ ഗുണഭോക്തൃ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തു വരുന്നു.

11. ~~[illegible]~~

11. **അക്കൗണ്ട്സ് (ചികിത്സാധനസഹായം) :-**

2018-19 വർഷം മുതൽ T-grantz വഴി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ചു വരുന്നു.

12. **അക്കൗണ്ട്സ് (സ്പെഷ്യൽ ഇൻസെന്റീവ്) :-**

2017-18 വർഷം വരെ അക്കൗണ്ട്സ് പരിശോധിച്ചിട്ടുണ്ട്. [illegible].

## പാർട്ട് - III

## വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1. ലംപ്സം ഗ്രാന്റ് വിതരണം

തളിപ്പറമ്പ് ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ എൽ.പി സ്കൂൾ - 71, യു.പി. സ്കൂൾ - 32 ഹൈസ്കൂൾ - 36 എന്നിങ്ങനെ 139 സ്കൂളുകൾ ഉണ്ട്. ഈ സ്കൂളുകളിൽ പരിശോധനാ കാലയളവിൽ ലംപ്സം ഗ്രാന്റ് / സ്റ്റൈപ്പന്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലംപ്സം ഗ്രാന്റ് | | സ്റ്റൈപ്പന്റ് | |
|---|---|---|---|---|
| | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
| 2015-16 | 1781 | 8,55,550 | 6 | 7380 |
| 2016-17 | 1691 | 8,98,562 | 6 | 3100 |
| 2017-18 | 1703 | 10,05,450 | — | — |
| 2018-19 | 1670 | 10,36,440 | 42 | 57,986 |

മേൽ പരിശോധിച്ചിട്ടുണ്ട്. ലംപ്സം ഗ്രാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ലംപ്സം ഗ്രാന്റ് രജിസ്റ്ററിൽ പൂർണ്ണമായി വർഷാടിസ്ഥാനത്തിൽ രേഖപ്പെടുത്താൻ നടത്തി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് പ്രതിവർഷം 2000/- രൂപ അനുവദിക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ തുക വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2015-16 | 624 | 12,48,000 |
| 2016-17 | 618 | 12,36,000 |
| 2017-18 | 641 | 12,82,000 |
| 2018-19 | 682 | 13,64,000 |

ഫയൽ, രജിസ്റ്റർ എന്നിവ നന്നായി പരിപാലിച്ചിട്ടുണ്ട്. തുക വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. AG ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

## 3. സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്

5 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 2000/- രൂപ അനുവദിക്കുന്ന 2017-18 ൽ ആരംഭിച്ച പദ്ധതി പ്രകാരം 2017-18, 2018-19 എന്നി വർഷങ്ങളിൽ തുകയുടെ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 684 | 13,68,000 |
| 2018-19 | 679 | 13,58,000 |

ഫയൽ, രജിസ്റ്റർ എന്നിവ നന്നായി പരിപാലിച്ചിട്ടുണ്ട്. തുക വിതരണം ചെയ്തതിന്റെ അക്വിറ്റൻസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. AG ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ന്യൂനത പരിഹരിക്കേണ്ടതായ അപാകതയായി കാണുന്നില്ല.

4. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി

2015-16 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2015-16 | 99 | 3,47,500 |
| 2016-17 | 77 | 2,18,500 |
| 2017-18 | 101 | 2,88,500 |
| 2018-19 | 113 | 3,49,500 |

ഫയൽ, രജിസ്റ്റർ എന്നിവ വൃത്തിയായി പരിപാലിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്ത്/നഗരസഭ പ്രദേശത്തുള്ള ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകം കാണിച്ചിട്ടുണ്ട്. അപേക്ഷകൾ ആൺ/പെൺ തിരിച്ച Abstract എഴുതിയിട്ടുണ്ട്. അപേക്ഷകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ബാങ്ക് വഴി വിതരണം ചെയ്യുന്നതിന് മുമ്പുള്ള വർഷങ്ങളിലെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി തുക വിതരണം ചെയ്യുന്ന സമയത്ത് വിദ്യാർത്ഥികളെ കൊണ്ട് ഒപ്പിട്ട് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

5. പാരലൽ കോളേജ് ധനസഹായം

പരിശോധനാ കാലയളവിൽ പാരലൽ കോളേജിൽ പഠിച്ച പട്ടികജാതി, ഒഇസി വിദ്യാർത്ഥികൾക്ക് പദ്ധതി പ്രകാരം ധനസഹായം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | SC | | OEC | |
|---|---|---|---|---|
| | കുട്ടികളുടെ എണ്ണം | ആകെ ചിലവ് | കുട്ടികളുടെ എണ്ണം | ആകെ ചെലവ് |
| 2015-16 | 12 | 75139 | 86 | 5,66,672 |
| 2016-17 | 15 | 114125 | 140 | 10,87,374 |
| 2017-18 | 19 | 155578 | — | — |
| 2018-19 | — | — | 149 | 12,06,720 |

ലെഡ്ജർ, രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടുണ്ട്. തുക മാറിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി ബ്ലോക്കിന് കീഴിൽ പ്രധാനമായും രണ്ട് പാരലൽ കോളേജുകൾ ആണ് നിലവിലുള്ളത് National College, Providence College. ആനുകൂല്യം അനുവദിച്ച വിദ്യാർത്ഥികളിൽ 95% മേലെ വിദ്യാർത്ഥികൾ National College Thaliparamba യിൽ ആണ് പഠിക്കുന്നത്. 2016-17 മുതൽ വിതരണം ചെയ്ത തുകകൾ കുട്ടികളുടെ അക്കൗണ്ട് മുഖാന്തരമാണ് വിതരണം ചെയ്തിട്ടുള്ളത്. ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടിക ജാതി വികസന ആഫീസറുടെ ഉത്തരവുകൾ അനുബന്ധങ്ങൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. AG ക്ക് യു.സി അയച്ചതായി കാണുന്നില്ല.

## 6. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

പരിശോധനാ കാലയളവിൽ ടി പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|
| 2015-16 | 14 | 63,000 |
| 2016-17 | 12 | 54,000 |
| 2017-18 | 23 | 1,03,500 |
| 2018-19 | 14 | 63,000 |

2015-16 വർഷം രജിസ്റ്റർ തന്നെയാണ് അക്വിറ്റൻസ് ആയി ഉപയോഗിച്ചിട്ടുള്ളത്. പ്രത്യേക രജിസ്റ്റർ പരിപാലിച്ചിട്ടില്ല. 2016-17 വർഷം മുതൽ തുകകൾ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിയിട്ടുള്ളത്. ഓരോ വർഷവും പുതിയ/പുതുക്കിയ വിദ്യാർത്ഥികളുടെ എണ്ണം പ്രത്യേകം കാണിക്കേണ്ടതാണ്. പല ഫോമുകളിലും SCDO സാക്ഷ്യപ്പെടുത്തിട്ടില്ല. വർഷാവസാനം Abstract രേഖപ്പെടുത്തിട്ടുണ്ടെങ്കിലും SCDO സാക്ഷ്യപ്പെടുത്തിട്ടില്ല. 2014-15 മുതൽ 2017-18 വരെയുള്ള വിവരങ്ങൾ ഒരു രജിസ്റ്ററിൽ ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ഓരോ ഇനത്തിലും (Tuition fees, Stipend, uniform, Stationery charge etc.) അനുവദിക്കുന്ന തുക പ്രത്യേകം ചേർക്കേണ്ടതാണ്. 2018-19 മുതൽ പുതിയ രജിസ്റ്റർ പരിപാലിച്ചുവരുന്നു. ~~2018-19 ലെ~~ 2018-19 ലെ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ നന്നായി പരിപാലിക്കേണ്ടതാണ്.

## 7. വിവാഹ ധനസഹായം

പരിശോധനാ കാലയളവിൽ വിവാഹ ധനസഹായ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2015-16 | 25 | 12,50,000 |
| 2016-17 | 13 | 6,50,000 |
| 2017-18 | 20 | 13,50,000 |
| 2018-19 | 12 | 9,00,000 |

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. ചില ഫോട്ടോകളിൽ SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചിലരുടെ വിവാഹ സർട്ടിഫിക്കറ്റ് തിരികെ നൽകിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. AG ക്ക് UC അയച്ചതായി കാണുന്നില്ല. UC അയച്ച വിവരം രജിസ്റ്ററിൽ കൂടി രേഖപ്പെടുത്തേണ്ടതാണ്, ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 8. മിശ്ര വിവാഹ ധനസഹായം

2015-16 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ മിശ്രവിവാഹ ധനസഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ചവരുടെ എണ്ണവും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2015-16 | 14 | 7,00,000/- |
| 2016-17 | 9 | 4,50,000/- |
| 2017-18 | 18 | 10,50,000/- |
| 2018-19 | 9 | 6,00,000/- |

രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. ചിലരുടെ അസ്സൽ വിവാഹ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. അവ തിരികെ നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചില ഗുണഭോക്താക്കളുടെ Agreement കൾ പൂരിപ്പിച്ചിട്ടില്ല. ചിലർ ഒപ്പിട്ടിട്ടില്ല. വിവാഹ സർട്ടിഫിക്കറ്റ് തിരികെ നൽകുമ്പോൾ രജിസ്റ്ററിൽ കൃത്യമായും രേഖപ്പെടുത്തേണ്ടതാണ് ചിലരുടെയും ടി വിവരം രേഖപ്പെടുത്തിയിട്ടില്ലെന്ന് കാണുന്നു. 2015-16 ൽ AG ക്ക് UC അയച്ചിട്ടുണ്ട്. 2016-17 മുതൽ വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചതായി കാണുന്നില്ല. UC അയച്ച വിവരം രജിസ്റ്ററിൽ കൂടി രേഖപ്പെടുത്തേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

## 9. സ്വയം തൊഴിൽ ധനസഹായ പദ്ധതി

സ്വയം തൊഴിൽ സംരംഭകർക്ക് സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക. |
|---|---|---|
| 2015-16 | 4 | 2,47,999/- |
| 2016-17 | 9 | 7,61,318/- |
| 2017-18 | 5 | 3,85,999/- |
| 2018-19 | 4 | 3,37,332/- |

പദ്ധതി രജിസ്റ്റർ നന്നായി പരിപാലിച്ചിട്ടുണ്ട്. റസീപ്റ്റുകൾ പദ്ധതി രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിച്ചിരിക്കുന്നു. ഇത് പ്രത്യേക റസീപ്റ്റ് രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല

UC അയച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിട്ടില്ല. 2015-16 ൽ AG ക്ക് UC അയച്ചിട്ടുണ്ട്. 2016-17 മുതൽ UC അയച്ചതായി കാണുന്നില്ല. ഫയലുകൾ അലക്ഷ്യമായിട്ടാണ് കൈകാര്യം ചെയ്യുന്നത്. ഫയലുകൾ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ള Agreement കളിൽ ചിലത് പൂർണ്ണമായി പൂരിപ്പിച്ചിട്ടില്ല. Agreement കളിൽ ഒന്നിൽ പോലും SCDO സാക്ഷ്യപ്പെടുത്തിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

10. ചികിത്സാധനസഹായം

2015-16 മുതൽ 2018-19 വരെ ചികിത്സാ ധനസഹായം നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം. | ചെലവഴിച്ച തുക. |
|---|---|---|
| 2015-16 | 25 | 64,000/- |
| 2016-17 | 56 | 9,10,500/- |
| 2017-18 | 113 | 16,70,500/- |
| 2018-19 | 66 | 9,32,000/- |

രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ചില പേജുകളിൽ SCDO സാക്ഷ്യപ്പെടുത്തിട്ടില്ല. 2015-16, 2016-17 വർഷങ്ങളിലെ UC AG ക്ക് അയച്ചതായി കാണുന്നില്ല. സ.ഉ (കൈ) നം: 48/2017/SCSTDD തീ: 19/6/17 പ്രകാരം ആഗസ്റ്റ് മാസം മുതൽ ഓൺലൈൻ വഴി (T-Grantz) ആണ് ചികിത്സാ ധനസഹായം നടപ്പിലാക്കി വരുന്നത്. ഓൺലൈൻ ആരംഭിച്ചശേഷം 19/8/2017 മുതൽ പരിപാലിച്ചുവരുന്ന 2017 ലെ ഫയലും 2018-19 ലെ ഫയലും നന്നായി പരിപാലിച്ചിട്ടുണ്ട്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 11. ഭവന നിർമ്മാണ ധനസഹായ പദ്ധതി

2007-08 മുതൽ 2017-18 വരെയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനി പൂർത്തിയാകാനുള്ള വീടുകൾ | പൂർത്തിയാകാനുള്ള വീടുകളുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 2007-08 | 82 | 73 | 9 | 1 | 2 | 6 |
| 2008-09 | 83 | 76 | 7 | 2 | 3 | 2 |
| 2009-10 | 26 | 25 | 1 | 0 | 1 | 0 |
| 2010-11 | 42 | 37 | 5 | 2 | 3 | 0 |
| 2011-12 | 27 | 22 | 5 | 1 | 2 | 2 |
| 2012-13 | 27 | 22 | 5 | 0 | 0 | 5 |
| 2013-14 | 34 | 29 | 5 | 0 | 3 | 2 |
| 2014-15 | 19 | 18 | 1 | 0 | 0 | 1 |
| ആകെ. | 340 | 302 | 38 | 6 | 14 | 18 |
| 2015-16 | 30 | 28 | 2 | 1 | 0 | 1 |
| 2016-17 | 76 | 57 | 19 | 6 | 8 | 5 |
| 2017-18 | 51 | 29 | 22 | 4 | 8 | 10 |
| 2018-19 | – | – | – | – | – | – |
| ആകെ. | 157 | 114 | 43 | 11 | 16 | 16 |

ഫയൽ കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ഫയലിൽ അന്വേഷണ റിപ്പോർട്ട്, വീടിന്റെ പൂർത്തിയാക്കിയ സ്റ്റേജിന്റെ ഫോട്ടോ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.

പരിശോധന കാലയളവിൽ (2015-16 to 2018-19) അനുവദിച്ച വീടുകളിൽ 43 വീടുകൾ ഇനിയും പൂർത്തിയാകാതെ അവശേഷിക്കുന്നു. ഇതിൽ 11 പേർ ഒന്നാം ഗഡുവിൽ നിൽക്കുന്നു. 2007-08 മുതൽ 2014-15 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച വീടുകളിൽ 38 എണ്ണം ഇനിയും പൂർത്തിയാകാതെ അവശേഷിക്കുന്നു. ഇതിൽ 6 പേർ ഒന്നാം ഗഡുവിൽ നിൽക്കുന്നവരാണ്. 2007-08 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കളിൽ ഇപ്പോഴും ഒന്നാം ഗഡുവിൽ നിൽക്കുന്ന 17 പേരുടെ ഭവന നിർമ്മാണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ അന്വേഷിക്കേണ്ടതാണ്. ഇനിയും പൂർത്തിയാകാനുള്ള വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ഇവ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്. രജിസ്റ്ററിൽ UC അയച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. പല ഫയലുകളിലും SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. മറ്റ് പരാമർശങ്ങൾ ഇല്ല.

12. ടോയ്‌ലറ്റ് ഗ്രാന്റ്

ഈ പദ്ധതി പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച ടോയ്‌ലറ്റുകളുടെ ഭൗതിക പുരോഗതി ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചത് | പൂർത്തീകരിച്ചത് | ഇനിയും പൂർത്തിയാകാനുള്ളവ |
|---|---|---|---|
| 2012-13 | 102 | 98 | 4 |
| 2013-14 | 79 | 79 | 0 |
| 2014-15 | 70 | 69 | 1 |
| 2015-16 | 50 | 43 | 7 |
| ആകെ | 301 | 289 | 12 |

2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അനുവദിച്ച ടോയ്‌ലറ്റുകളിൽ 12 എണ്ണം ഇനിയും പൂർത്തിയാകാതെ അവശേഷിക്കുന്നുണ്ട്. കേരളത്തെ സമ്പൂർണ്ണ ODF സംസ്ഥാനമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇവ അടിയന്തിരമായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 13. ഭവന പുനരുദ്ധാരണ പദ്ധതി

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചവരുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഭൗതിക ലക്ഷ്യം | പൂർത്തിയാക്കിയവർ | ഇനിയും പൂർത്തിയാക്കാനുള്ളവർ |
|---|---|---|---|
| 2013-14 | 25 | 24 | 1 |
| 2014-15 | 30 | 28 | 2 |
| 2015-16 | 25 | 25 | – |
| 2016-17 | 33 | 29 | 4 |
| ആകെ | 113 | 106 | 7 |

2017-18 സാമ്പത്തിക വർഷം മുതൽ ടി പദ്ധതിക്ക് പുതിയ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടില്ല. മുൻ വർഷങ്ങളിൽ അനുവദിച്ചതിൽ 7 വീടുകളുടെ പുനരുദ്ധാരണം ഇനിയും പൂർത്തിയാകാതെ അവശേഷിക്കുന്നു. ടി വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 14. പഠനമുറി നിർമ്മാണം

2017-18 സാമ്പത്തിക വർഷം മുതൽ ഹൈസ്കൂൾ തലത്തിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്ക് നിലവിലുള്ള വീടിനോട് ചേർന്ന് 120 Sqft ൽ കുറയാത്ത ഒരു മുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണിത്. 2017-18, 2018-19 എന്നീ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം അനുവദിച്ച പഠനമുറികളുടെ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചത് | പൂർത്തിയാക്കിയത് | ഇനിയും പൂർത്തിയാകാനുള്ളത് | പൂർത്തിയാകാനുള്ളവയുടെ സ്റ്റേജ് | | |
|---|---|---|---|---|---|---|
| | | | | 1 | 2 | 3 |
| 2017-18 | 37 | 28 | 9 | 0 | 3 | 6 |
| 2018-19 | 23 | 0 | 23 | 4 | 16 | 3 |
| ആകെ | 60 | 28 | 32 | 4 | 19 | 9 |

രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിലെ ഒരു പേജിൽ പോലും SCDO സാക്ഷ്യപ്പെടുത്തിയിട്ടില്ല. പൂർത്തിയായ പഠനമുറിയുടെ UC അയച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ചില ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ ഒട്ടിച്ചിട്ടില്ല. മറ്റ് ചിലരുടെ ആധാർ നം: രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പലരുടെയും Agreement ഉം പൂരിപ്പിച്ചിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

ശ്രീ. രാജേഷ്.കെ.വി, ആലിക്കുഴി വീട്, അരങ്ങം PO, ആലക്കോട് എന്ന ആൾക്ക് ഒന്നാം ഗഡുവായി 30000/- രൂപ

13/3/18 ൽ അനുവദിച്ചതായി കാണുന്നു. എന്നാൽ ചെല്ലാൻ നം: KLO 11993537201718 M Dt: 21/3/18 പ്രകാരം 30,000/- രൂപ തിരിച്ചു അടച്ചിട്ടുണ്ട്. കാരണം അറിയിക്കേണ്ടതാണ്. 2017-18, 2018-19 എന്നീ വർഷങ്ങളിൽ അനുവദിച്ച പഠനമുറികളിൽ 32 എണ്ണം ഇനിയും പൂർത്തിയാക്കാതെ അവശേഷിക്കുന്നുണ്ട്. ഇതിൽ 4 പേർ രണ്ടാം ഗഡുവിൽ നിൽക്കുന്നവരാണ്. ഇനിയും പൂർത്തിയാകാൻ അവശേഷിക്കുന്ന പഠനമുറികൾ അടിയന്തിരമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 15. ഭൂരഹിത പുനരധിവാസ പദ്ധതി

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2015-16 | 14 | 52,50,000/- |
| 2016-17 | 36 | 1,40,25,000/- |
| 2017-18 | 45 | 1,72,50,000/- |
| 2018-19 | 42 | 1,63,50,000/- |

ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

2017-18, 2018-19 എന്നീ വർഷത്തെ രജിസ്റ്ററിൽ അർഹതാ മാനദണ്ഡങ്ങൾ (അർഹതാ സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ) ഒരു പേജിൽ പോലും പൂരിപ്പിച്ചിട്ടില്ല. കുറച്ച് പേരുടെ ജാതി/ വരുമാന സർട്ടിഫിക്കറ്റ് വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പലരുടെയും

ആധാർ നം: രേഖപ്പെടുത്തിട്ടില്ല. പലരുടെയും മിൻ ആധാരത്തിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടില്ല, കൂടാതെ Agreement കൾ സൂക്ഷിച്ചിട്ടില്ല. Agreement കളിൽ ഒന്നിൽ പോലും SCDO ഒപ്പിട്ടിട്ടില്ല. Agreement കളിൽ രണ്ടാം കക്ഷിയുടെ വിവരം പോലും രേഖപ്പെടുത്തിട്ടില്ല. AG ക്ക് UC അയച്ചതായി കാണുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ വസ്തുവിന്റെ വിവിധ വർഷങ്ങളിലെ 119 അസ്സൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് - ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

16. ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതി

പട്ടികജാതി വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ പുരോഗതിയ്ക്കായി പ്രത്യേകമായി ആവിഷ്കരിച്ചു നടപ്പാക്കുന്ന ടി പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ടി പദ്ധതി പ്രകാരം തുകയൊന്നും ചിലവഴിച്ചിട്ടില്ല. 2018-19 ൽ 3 ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം നടത്തുന്നതിന് 2,25,000/- രൂപ അനുവദിച്ചിട്ടുണ്ട്. AG ക്ക് UC അയച്ചതായി കാണുന്നില്ല. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് അയച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

17. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽ പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് വാത്സല്യനിധി. പട്ടികജാതി വികസന വകുപ്പും, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 1/4/2017 ന് ശേഷം ജനിച്ച പെൺകുട്ടികൾക്ക് 1,38000/- രൂപ നാല് ഇൻസ്റ്റാൾമെന്റുകളായി കുട്ടിയുടെ പേരിൽ നിക്ഷേപിച്ച് കുട്ടിക്ക് 18 വയസ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപയായി നൽകുകയും ചെയ്യുന്നു. ടി പദ്ധതി പ്രകാരം 2017-18 വർഷം മുതൽ ലഭിച്ച അപേക്ഷകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച അപേക്ഷകൾ | സൈറ്റിൽ upload ചെയ്ത് forward ചെയ്തത്. | അനുമതി ലഭിച്ചത്. |
|---|---|---|---|
| 2017-18 | 21 | 21 | 16 |
| 2018-19 | 35 | 35 | 30 |

രജിസ്റ്റർ പരിപാലിച്ചിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ പരിപാലിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

18. SC പ്രമോട്ടേഴ്സിന്റെ വർക്ക് ഡയറി

തളിപ്പറമ്പ് ബ്ലോക്കിന് കീഴിലെ 9 പഞ്ചായത്തുകളിലായി 9 പേരും, ആന്തൂർ, തളിപ്പറമ്പ് എന്നീ നഗരസഭകളിലായി 6 പേരും ഉൾപ്പെടെ 15 SC പ്രമോട്ടേഴ്സ് ഉണ്ട്. വർക്ക് ഡയറി നിശ്ചിത മാതൃകയിൽ അല്ല എഴുതിയിട്ടുള്ളത്

വർക്ക് ഡയറി വെള്ള പേപ്പറിൽ എഴുതി സൂക്ഷിക്കുന്നതും
പകരം ഒരു നോട്ട് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.
സ.ഉ (P) 86/2010/SCSTDD തീ: 28/07/2010 (പ്രകാരം
എല്ലാ (പ്രൊമോട്ടർമാരും നിശ്ചിത മാതൃകയിൽ വർക്ക്
ഡയറി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓരോ ദിവസവും
ചെയ്ത ജോലിയുടെ ലഘു വിവരണം നൽകേണ്ടതാണ്.
ഫീൽഡ് സന്ദർശനം എന്ന് മാത്രം രേഖപ്പെടുത്താതെ
സന്ദർശിച്ച സ്ഥലം ഉദ്ദേശം, പരിശോധന വിവരങ്ങൾ എന്നീ
വിശദാംശങ്ങൾ നിർബന്ധമായി രേഖപ്പെടുത്തേണ്ടതാണ്.
(പ്രമോട്ടർമാർ പഞ്ചായത്ത്/നഗരസഭയിൽ ജോലി
നോക്കിയ ദിവസങ്ങളിലെ ഹാജർ ബന്ധപ്പെട്ട സെക്രട്ടറിമാരിൽ
നിന്ന് വാങ്ങേണ്ടതാണ്. വർക്ക് ഡയറിയും, ഹാജർ സ്റ്റേറ്റ്മെന്റും
എല്ലാ മാസവും അവസാന ദിവസം ബ്ലോക്ക് പട്ടികജാതി
വികസന ആഫീസർക്ക് നൽകേണ്ടതും, ബ്ലോക്ക് പട്ടികജാതി
വികസന ആഫീസർ അവ പരിശോധിച്ച സാക്ഷ്യപ്പെടുത്തി
സൂക്ഷിക്കേണ്ടതുമാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ
ഇവ കൃത്യമായും പരിപാലിക്കുന്നുണ്ടെന്ന് പട്ടികജാതി
വികസന ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ ബുധനാഴ്ചകളിലും (പ്രമോട്ടേഴ്സ്
മീറ്റിംഗ് കൂടുമ്പോൾ മിനിറ്റ്സ് രേഖപ്പെടുത്തുന്ന യോഗ-
നടപടി രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ടി രജിസ്റ്ററിൽ
പേജ് സർട്ടിഫിക്കറ്റ് ഇല്ല. 3C00 ഓരോ യോഗത്തിന്റെ
മിനിട്ട്സും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഒരു യോഗത്തിലെ
തീരുമാനങ്ങൾക്ക് അടുത്ത യോഗത്തിൽ സ്വീകരിച്ച
നടപടി എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ചില
യോഗത്തിന്റെ തീരുമാനങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.
എന്ന് കാണുന്നു. ഉദാ: 13/3/2019, 27/3/19 എന്നീ
തീയതികളിൽ കൂടിയ യോഗങ്ങൾ.

## മറ്റു രജിസ്റ്ററുകൾ

### (1). പേബിൽ രജിസ്റ്റർ (ഫുൾടൈം സ്റ്റാഫ്)

പേബിൽ രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. 2011-12 മുതൽ 2015-16 വരെയുള്ള വർഷത്തേക്ക് ഒരു രജിസ്റ്ററും, 2016-17 മുതൽ പുതിയ രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്. വാല്യം I-ൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ചില പേജുകളിൽ ബിൽ നമ്പർ, തുകകൾ മാറിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

### (2). കണ്ടിജന്റ് ബിൽ രജിസ്റ്റർ:-

കണ്ടിജന്റ് ബിൽ രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്. 2014-15 മുതൽ 2017-18 വരെയുള്ള വർഷത്തേക്ക് ഒരു രജിസ്റ്ററും 2018-19 മുതൽ പുതിയ രജിസ്റ്ററും ഉണ്ട്. 2014-15 മുതലുള്ള രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ഒരു പേജിൽ തന്നെ എല്ലാ ശീർഷകങ്ങളിലുമുള്ള ബില്ലുകളും രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ശീർഷകത്തിനും പ്രത്യേകം പ്രത്യേകം പേജുകൾ നീക്കി വയ്ക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. രജിസ്റ്ററിലെ പലപേജുകളിലും തുകകൾ വൈറ്റ്നർ ഉപയോഗിച്ച് തിരുത്തിയിരിക്കുന്നു. ഈ രീതി ഒഴിവാക്കേണ്ടതാണ്.

### (3) ഫർണിച്ചർ രജിസ്റ്റർ

KFC Form 18 പ്രകാരമുള്ള ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ ഫർണിച്ചർ വിവരങ്ങളോടൊപ്പം, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തിക്കാണുന്നു. വാർഷിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തിക്കാണാത്തതിലെ ന്യൂനത പരിഹരിക്കേണ്ടതും ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

### (4) പേബിൽ രജിസ്റ്റർ (പാർട്ട്ടൈം സ്റ്റാഫ്)

തൃപ്തികരമായി പരിപാലിച്ചു കാണുന്നു. പ്രത്യേക പരാമർശമില്ല.

(5). സർവീസ് പോസ്റ്റേജ് - ഡി.ഒ. - സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

(a) സ്റ്റാമ്പ് ഉപയോഗിക്കുന്ന ഓരോ ദിവസങ്ങളും സ്റ്റാമ്പിന്റെ ഓപ്പണിംഗ് ബാലൻസ്, ഉപയോഗിച്ച സ്റ്റാമ്പിന്റെ വില, സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ആന്തരിക പരിശോധനാ സാക്ഷ്യപത്രം എഴുതി സാക്ഷ്യപ്പെടുത്തി വരുന്നില്ല. ന്യൂനത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(b) 2/2016-ൽ സ്റ്റാമ്പിന്റെ ക്ലോസിംഗ് ബാലൻസ് തുക 8/- രൂപയുടേതാണ്. 3/2016-ലും 4/2016-ലും സ്റ്റാമ്പ് ഉപയോഗിച്ചിട്ടില്ല. എന്നാൽ 5/2016-ൽ 35/- രൂപയുടെ സ്റ്റാമ്പ് ചെലവുണ്ട്. 8/16-ൽ 39/- രൂപയുടെയും, 9/16-ൽ 5/- രൂപയുടെയും സ്റ്റാമ്പ് ഉപയോഗിച്ചതായി കാണുന്നു. പുതുതായി സ്റ്റാമ്പ് വാങ്ങാതെയും സ്റ്റോക്കിൽ ആവശ്യത്തിന് സ്റ്റാമ്പ് ഇല്ലാതിരിക്കുകയും ചെയ്തപ്പോൾ ഇവ എങ്ങനെ ഉപയോഗിച്ചുവെന്ന് വ്യക്തമാക്കേണ്ടതാണ്. (തുടർന്ന് 22/3/17-നാണ് 220/- രൂപയുടെ സ്റ്റാമ്പ് വാങ്ങിയിരിക്കുന്നത്).

(c) 12/2017-ലെ ക്ലോസിംഗ് ബാലൻസ് 36/- രൂപയുടെ സ്റ്റാമ്പാണ്. 1/18-ൽ 10/- രൂപയുടെ സ്റ്റാമ്പ് ചെലവാകുമ്പോൾ ക്ലോസിംഗ് ബാലൻസ് 26/- രൂപയുടെ സ്റ്റാമ്പാണ് വരേണ്ടത്. എന്നാൽ ക്ലോസിംഗ് ബാലൻസ് 30/- രൂപയുടെ സ്റ്റാമ്പ് എന്നെഴുതിയിരിക്കുന്നു. ന്യൂനത പരിഹരിക്കേണ്ടതും തുടർന്നുള്ള രേഖപ്പെടുത്തലുകൾ അതനുസരിച്ച് ക്രമീകരിക്കേണ്ടതുമാണ്.

(d) 20/1/20-ന് രജിസ്റ്റർ പ്രകാരം ആകെ 35/- രൂപയുടെ സ്റ്റാമ്പ് മിച്ചമുണ്ടായിരുന്നു. ഭൗതിക പരിശോധനയിൽ ഇത് ശരിയാണെന്ന് ബോധ്യപ്പെട്ടു.

(6). ഡിമാന്റ് കളക്ഷൻ രജിസ്റ്റർ

ഡിമാന്റ് കളക്ഷൻ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. KFC വാല്യം I, ഫാറം 63 പ്രകാരമുള്ള രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(7). ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഇത് പരിപാലിച്ച് അറിയിക്കേണ്ടതാണ്.

(8). ഇൻക്രിമെന്റ് രജിസ്റ്റർ :-

ഇൻക്രിമെന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയത് പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(9). ഇൻകംബന്റ് രജിസ്റ്റർ

ഇൻകംബന്റ് രജിസ്റ്റർ പരിപാലിച്ചുവരുന്നില്ല. ആയത് പരിപാലിച്ച്, രേഖപ്പെടുത്തലുകൾ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(10). സർവ്വീസ്ബുക്ക് രജിസ്റ്റർ

പരിപാലിച്ചു വരുന്നുണ്ട്. പ്രത്യേക പരാമർശമില്ല.

(11) സേവനപുസ്തകങ്ങൾ

(a) കുശല. എം. വി - സീനിയർ ക്ലാർക്ക് - PEN-395654

അർദ്ധവേതന അവധികൾക്ക് കാലികമാക്കി രേഖപ്പെടുത്തേണ്ടതാണ്.

(b) സുരേഷ് നിരിച്ചൻ - ഓഫീസ് അറ്റൻഡന്റ് - PEN-227049

(i) സേവനപുസ്തകത്തിലെ പേജ് 8, 9 എന്നിവയിൽ GPF, GIS, SLI അക്കൗണ്ട് നമ്പറുകൾ, നോമിനേഷൻ എന്നിവ രേഖപ്പെടുത്തി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ii) പേജ് 10-ലെ HBA സംബന്ധിച്ച വിവരങ്ങൾ ഓഫീസർ സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. പേജ് 28-ൽ 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചത് രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(iii) അതുപോലെ, പേജ് 34-ൽ 15 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച വിവരം രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(iv) ആദ്യവർഷത്തെ E/L $\frac{1}{22}$ എന്നത് $\frac{1}{11}$-ൽ അനുപാതികമായി റീകാസ്റ്റ് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്. അർദ്ധവേതന അവധികൾക്ക് കാലികമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

(c) ഭാമന.എം.പി - ക്ലർക്ക് - PEN-227056

പേജ് 31-ൽ രേഖപ്പെടുത്തിയിരിക്കുന്ന സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(d) അജിത.വി - വാച്ച്മാൻ - PEN-227050

(i) സേവനപുസ്തകത്തിലെ പേജ് 5-ൽ രേഖപ്പെടുത്തിയ കുടുംബ വിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ ഓഫീസറുടെ ഡെസിഗ്നേഷൻ, ഫുൾ സിഗ്നേച്ചർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

(ii) പേജ് 13-ൽ സർവ്വീസ് റെഗുലറൈസ് ചെയ്ത വിവരം രേഖപ്പെടുത്തിയത് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(iii) അനുവർഷത്തെ E/L $\frac{1}{22}$ എന്നത് $\frac{1}{11}$-ൽ ആനുപാതികമായി റീകാസ്റ്റ് ചെയ്ത് രേഖപ്പെടുത്തേണ്ടതും അർദ്ധവേതന അവധിക്കണക്ക് കാലികമാക്കേണ്ടതുമാണ്.

മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## പൊതു അഭിപ്രായം

തളിപ്പറമ്പ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു ചെറിയ ഒറ്റ മുറി കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. SCDO, Clerk, Office Attendant, Apprentice Clerk, 15 promoters എന്നിവർക്ക് ഇരുന്ന് ജോലി ചെയ്യാനുള്ള സ്ഥല സൗകര്യം ഇല്ല. ബുധനാഴ്ച്ച ദിവസങ്ങളിൽ പ്രമോട്ടർമാരുടെ മീറ്റിംഗ് കൂടാൻ വളരെ ബുദ്ധിമുട്ടാണ്. ഓഫീസിലെ റിക്കോർഡുകൾ സൂക്ഷിക്കുന്നതിന് പോലും സൗകര്യം ഇല്ല. കൂടാതെ, ടി അലമാരകളും ഫയലുകളും ഒരു സംരക്ഷണവും ഇല്ലാതെ ഓഫീസിന് പുറത്ത് വരാന്തയിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ജില്ലാ പട്ടിക ജാതി വികസന ഓഫീസർ ബ്ലോക്ക് അധികാരികളുമായി ബന്ധപ്പെട്ട് മെച്ചപ്പെട്ട സ്ഥലസൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഫയലുകൾ നന്നായി പരിപാലിച്ചിട്ടുണ്ടെങ്കിലും സ്ഥലസൗകര്യം ഇല്ലാത്തതിനാൽ അടുക്കി സൂക്ഷിക്കുവാൻ കഴിയുന്നില്ല. പല പദ്ധതികളുടെയും വിനിയോഗ സർട്ടിഫിക്കറ്റുകൾ AG ക്കും പകർപ്പ് ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്കും അയച്ചതായി കാണുന്നില്ല. ഇവ സമയബന്ധിതമായി അയക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓഫീസിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

റിപ്പോർട്ട് അംഗീകാരത്തിനായി.

(signature)

Krishnakumar. VS
Jr. Supdt (HG)
FINC.